പ്രസ് റിലീസ്
21.02.2017

# ശാന്തിഗിരി പ്രതിഭാ പുരസ്കാരംപ്രഖ്യാപിച്ചു.

**പോത്തൻകോട് :** ഒമാനിലെ മജിലിസ് ഷൂറ മെംബർ അഹമ്മദ് മുഹമ്മദ് യഹിയ അൽ ഹദാബി, പ്രമുഖ ചലച്ചിത്ര നടിയും മുൻ എം.പി.യുമായ ഡോ.ഉർവശി ശാരദ, നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ മനീഷ് കുമാർ, അമേരിക്കയിലെ വേൾഡ് അയ്യപ്പ സേവാസംഘം പ്രസിഡന്റ് പാർത്ഥസാരഥിപിള്ള എന്നിവർക്ക് ശാന്തിഗിരി പ്രതിഭാ പുരസ്കാരം നൽകും. ഇരുപത്തി അയ്യായിരം രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പ്രതിഭാ പുരസ്കാരം. സമൂഹത്തിന്റെ വിവിധമേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച നാല് പേർക്കാണ് ഈ വർഷത്തെ പ്രതിഭാ പുരസ്കാരം നൽകുന്നത്. ശാന്തിഗിരിയിലെ പൂജിതപീഠം സമർപ്പണം ആഘോഷങ്ങളോടനുബന്ധിച്ച് 22-ാം തീയതി ബുധനാഴ്ച രാവിലെപുരസ്കാരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ.റ്റി.ജലീൽ സമ്മാനിക്കും.

For ഓർഗനൈസിംഗ് സെക്രട്ടറി, ശാന്തിഗിരി ആശ്രമം

**ദർശിൽ ഭട്ട്**
കോർഡിനേറ്റർ (മീഡിയ റിലേഷൻസ്)
8111882397